**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 470** **24-03-2025 - ൽ മറുപടിയ്ക്ക്**

**എൽ.ഡി. ക്ലർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എൽ.ഡി. ക്ലർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാൻ അഞ്ച് മാസം മാത്രം ശേഷിക്കെ അൻപത് ശതമാനം പേർക്ക് പോലും നിയമനം നൽകാൻ സാധിച്ചിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിവരുന്നു. ഇതുവരെ 9905 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള 347 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും നിയമന ശിപാർശ നൽകുന്നതും. |
| (ബി) | കഴിഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്നും പന്ത്രണ്ടായിരത്തോളം നിയമന ശിപാർശ നൽകിയപ്പോൾ ഈ വർഷം പതിനായിരത്തിൽ താഴെ മാത്രമേ നൽകാൻ സാധിച്ചിട്ടുള്ളൂ എന്നത് വസ്തുതയാണോ; | (ബി) | വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിവരുന്നു. ഇതുവരെ 9905 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള 347 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതും നിയമന ശിപാർശ നൽകുന്നതും. |
| (സി) | നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കാൻ നടപടികൾ സ്വീകരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റിലെ അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള റാങ്ക് പട്ടികയുടെ കാലാവധി 31-07-2025 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, എല്ലാ വകുപ്പുകളിലും ജില്ലാ കാര്യാലയങ്ങളിലും പ്രത്യേക പരിശോധന നടത്തി റാങ്ക് ലിസ്റ്റ് കാലാവധിക്കുള്ളിൽ തന്നെ എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ